# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:01.07.2025S**

### പ്രധാനവാർത്തകൾ

1. കായിക മേഖലയിലെ ലോകത്തെ ആദ്യ അഞ്ച് രാജ്യങ്ങളിലൊന്നാവാൻ ലക്ഷ്യമിട്ട് ദേശീയ കായിക നയത്തിന് അംഗീകാരം നൽകി കേന്ദ്ര മന്ത്രിസഭായോഗം.
2. ഏത് കാര്യത്തിലും സമയബന്ധിതമായി തീരുമാനം എടുക്കുക എന്നതാണ് ഉദ്യോഗസ്ഥർ ഏറ്റവും ശ്രദ്ധിക്കേണ്ട കാര്യമെന്ന് മേഖലാതല അവലോകന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ.
3. 2025 - ലെ കീം എൻട്രൻസ് പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. എൻജിനീയറിങ്ങിൽ മൂവാറ്റുപുഴ സ്വദേശി ജോൺ ഷിനോജിന് ഒന്നാം റാങ്ക്.
4. മുൻ മുഖ്യമന്ത്രി വിഎസ് അച്യുതാനന്ദൻറെ ആരോഗ്യനില ഗുരുതരമെന്ന് മെഡിക്കൽ ബുള്ളറ്റിൻ.
5. സംസ്ഥാന പൊലീസ് മേധാവിയായി റവാഡ ചന്ദ്രശേഖർ സ്ഥാനമേറ്റു.
6. ഇന്ത്യ - ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന് നാളെ തുടക്കം.

&&&&&&&&&&&&&&&&&&

RNUTVPM

## മന്ത്രിസഭ

ദേശീയ കായിക നയത്തിന് അംഗീകാരം നൽകി കേന്ദ്ര മന്ത്രിസഭായോഗം. കായിക മേഖലയിലെ ലോകത്തെ ആദ്യ അഞ്ച് രാജ്യങ്ങളിലൊന്നാവാൻ നയത്തിലൂടെ ലക്ഷ്യമിടുന്നതായി മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പ്രതിഭകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തുന്നതിനും , അടിസ്ഥാന തലങ്ങളിൽ കായിക പരിപാടികൾക്ക് പ്രോത്സാഹനമേകുന്നതിനും ഇതിലൂടെ ഉദ്ദേശിക്കുന്നു. അന്താരാഷ്ട്ര കായിക മത്സരങ്ങൾക്ക് ഇന്ത്യയിൽ വേദിയൊരുക്കുന്നതിലൂടെ, കായിക വിനോദസഞ്ചാരം വളർത്തുന്നതും പുതിയ നയത്തിൻറെ ലക്ഷ്യമാണ്. രാജ്യത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നിർമാണ മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി, തൊഴിൽ-ബന്ധിത പാരിതോഷിക പദ്ധതിക്കും കേന്ദ്ര മന്ത്രിസഭ അഗീകാരം നൽകി. തൊഴിൽ രംഗത്തേക്ക് ആദ്യമായി കടന്നുവരുന്നവർക്ക് പദ്ധതിയിലൂടെ പ്രതിമാസം 15,000 രൂപ വരെ വേതനം ഉറപ്പുവരുത്തും. ഓരോ തൊഴിലാളിയ്ക്കും 3,000 രൂപാ നിരക്കിൽ അധിക തൊഴിൽസൃഷ്ടിക്ക് തൊഴിലുടമകൾക്ക് രണ്ട് വർഷം വരെ സാമ്പത്തിക സഹായം നൽകും.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി കണ്ണൂർ

ഏത് കാര്യത്തിലും സമയബന്ധിതമായി തീരുമാനം എടുക്കുക എന്നതാണ് ഉദ്യോഗസ്ഥർ ഏറ്റവും ശ്രദ്ധിക്കേണ്ട കാര്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ . കണ്ണൂർ, കാസർകോട്, കോഴിക്കോട്, വയനാട് ജില്ലകളുടെ മേഖലാതല അവലോകന യോഗത്തിൻറെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. തീരുമാനങ്ങൾ അതത് തലത്തിൽ തന്നെ എടുത്ത് പോവണം. ആ തീരുമാനം സർക്കാറിന് വേണ്ടിയുള്ളതാണെന്നും, നിലവിലുള്ള നിയമവും

RNUTVPM

ചട്ടവും പ്രകാരമുള്ള തീരുമാനത്തിന് കൃത്യമായ പരിരക്ഷ സർക്കാറിൽ നിന്നുണ്ടാവുമെന്നും മുഖ്യമന്ത്രി കണ്ണൂരിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

കീം - മന്ത്രി ആർ.ബിന്ദു( ഇൻട്രോ )

2025 - ലെ കേരള എൻജിനീയറിങ്, ഫാർമസി പ്രവേശനത്തിനായുള്ള -കീം പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. എൻജിനീയറിങ്ങിൽ ഒന്നാം റാങ്ക് മൂവാറ്റുപുഴ സ്വദേശി ജോൺ ഷിനോജും രണ്ടാം റാങ്ക് എറണാകുളം സ്വദേശി ഹരികൃഷ്ണനും നേടി. മാർക്ക് ഏകീകരണത്തിലൂടെ എല്ലാ കുട്ടികൾക്കും നീതി ഉറപ്പാക്കിയതായി ഫലം പ്രഖ്യാപിച്ചുകൊണ്ട് മന്ത്രി ആർ ബിന്ദു കോഴിക്കോട് വാർത്താസമ്മേളനത്തിൽ അറിയിച്ചു. (വോയിസ്)

ഫാർമസി വിഭാഗത്തിൽ ആലപ്പുഴ സ്വദേശിനി അനഘ അനിലാണ് ഒന്നാം റാങ്ക് നേടിയത്. കോട്ടയം സ്വദേശി ഹൃഷികേശ് ആർ ഷേണായിക്കാണ് രണ്ടാം റാങ്ക്

&&&&&&&&&&&&&&&&&&

വിഎസ്

ഹൃദയാഘാതത്തെ തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി വിഎസ് അച്യുതാനന്ദൻറെ ആരോഗ്യനില ഗുരുതരമായി തുടരുന്നു. സർക്കാരിൻറെ പ്രത്യേക നിർദ്ദേശമനുസരിച്ച് മെഡിക്കൽ കോളേജിൽ നിന്നുള്ള ഏഴംഗ വിദഗ്ധ സംഘം അദ്ദേഹത്തെ സന്ദർശിച്ചു. വെൻറിലേറ്റർ അടക്കം നിലവിൽ നല്കിവരുന്ന ചികിത്സകൾ തുടരുമെന്നും മെഡിക്കൽ ബുള്ളറ്റിനിൽ വ്യക്തമാക്കുന്നു.

&&&&&&&&&&&&&&&&&&

റവാഡ ചന്ദ്രശേഖർ

RNU TVPM

സംസ്ഥാന പൊലീസ് മേധാവിയായി റവാഡ ചന്ദ്രശേഖർ സ്ഥാനമേറ്റു. വെല്ലുവിളികൾ ഉള്ള ചുമതലയാണ് ഏറ്റെടുത്തിരിക്കുന്നതെന്നും പൊതുജനങ്ങൾക്ക് നീതി ഉറപ്പാക്കുമെന്നും ചുമതലയേറ്റ ശേഷം നടത്തിയ വാർത്താ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. 1991 ലെ കേരള കേഡർ ഐപിഎസ് ഉദ്യോഗസ്ഥനായ റവാഡ ചന്ദ്രശേഖർ ഇൻറലിജൻസ് ബ്യൂറോ സ്പെഷ്യൽ ഡയറക്ടറായി സേവനമനുഷ്ഠിക്കുകയായിരുന്നു. യുഎൻ ദൗത്യങ്ങളിലടക്കം പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡൽ ഉൾപ്പെടെ നേടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ഡിജിപി നിയമനം

റവാഡ ചന്ദ്രശേഖറിനെ സംസ്ഥാന പോലീസ് മേധാവിയായി നിയമിച്ചതുമായി ബന്ധപ്പെട്ട് രാഷ്ട്രീയ വിവാദവും തുടരുകയാണ്. കേന്ദ്രസർക്കാരുമായി മുഖ്യമന്ത്രി ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിലാണ് നിയമനമെന്ന് കോൺഗ്രസ് നേതാവ് കെ സി വേണുഗോപാൽ എംപി കണ്ണൂരിൽ ആരോപിച്ചു. മെച്ചപ്പെട്ട ആളായതിനാലാണ് നിയമനമെന്നും കൂത്തുപറമ്പ് വെടിവയ്പ്പിന് പിന്നിൽ യുഡിഎഫ് സർക്കാർ ആയിരുന്നെന്നും സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പ്രതികരിച്ചു. വെടിവയ്പ്പിൽ റവാഡ ചന്ദ്രശേഖർ കുറ്റക്കാരനല്ലെന്ന് ജുഡീഷ്യൽ കമ്മീഷൻ കണ്ടെത്തിയതാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## അദാലത്തിന് തുടക്കമായി.

മെയ് 31വരെ തീർക്കാൻ ബാക്കിയുള്ള ഫയലുകളിൽ തീരുമാനമെടുക്കാൻ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഫയൽ അദാലത്തിന് ഇന്ന് തുടക്കമായി. ആഗസ്റ്റ് 31വരെയാണ് അദാലത്ത്. ഓരോ ഫയലിലും തീരുമാനമെടുത്ത് സെപ്തംബർ

PNU TVPM

20നകം വിശദമായ കണക്ക് മുഖ്യമന്ത്രിക്ക് സമർപ്പിക്കാനാണ് നിർദേശം . അദാലത്തിൻറെ പുരോഗതി മന്ത്രിമാർ രണ്ടാഴ്ചയിലൊരിക്കൽ വിലയിരുത്തും.

&&&&&&&&&&&&&&&&&&

## മെഡിക്കൽ കോളേജ്

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സാ പ്രതിസന്ധി ഉണ്ടെന്ന യൂറോളജി വിഭാഗം മേധാവി ഡോ.ഹാരിസ് ചിറയ്ക്കലിൻറെ പരാതിക്ക് പരിഹാരം. ഹൈദരാബാദിൽ നിന്ന് വിമാന മാർഗം മെഡിക്കൽ ഉപകരണങ്ങൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചതോടെ മാറ്റിവച്ച ശസ്ത്രക്രിയകൾ പുനരാരംഭിച്ചു. അതേസമയം സംസ്ഥാനത്തെ ആരോഗ്യമേഖല പ്രതിസന്ധി നേരിടുകയാണെന്ന് ആരോപിച്ച് കോൺഗ്രസും ബിജെപിയും സംസ്ഥാന വ്യാപകമായി പ്രതിഷേധം സംഘടിപ്പിച്ചു

RNU TVPM

&&&&&&&&&&&&&&&&&&

## സുരേഷ് ഗോപി

പ്രകൃതിയോടും മണ്ണിനോടും മനുഷ്യൻ ഉത്തരവാദിത്ത ബോധത്തോടെ പെരുമാറണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻറെ ആഭിമുഖ്യത്തിൽ കോട്ടയത്ത്, സംഘടിപ്പിച്ച സ്വച്ഛതാ വാരാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭൂമിയെ മാതൃഭാവത്തിൽ നിലനിർത്താൻ പ്രകൃതിയുടെ സംരക്ഷണം അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു. .

&&&&&&&&&&&&&&&&&&

## സർക്കുലർ

'ചെയർമാൻ' എന്നതിനുപകരം 'ചെയർപേഴ്സൺ' എന്ന് ഉപയോഗിക്കണമെന്ന് നിർദേശിച്ച് ഉദ്യോഗസ്ഥ- ഭരണ പരിഷ്കാര ഔദ്യോഗികഭാഷ വകുപ്പ് സർക്കുലർ പുറത്തിറക്കി.ഭരണരംഗത്ത്

ലിംഗനിഷ്പക്ഷപദങ്ങളുടെ ഉപയോഗം വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് നിർദ്ദേശം.

&&&&&&&&&&&&&&&&&&

## കാട്ടാന തുരത്തൽ(ഇൻട്രോ)

പത്തനംതിട്ട കോന്നിയിൽ കാട്ടാനയെ തുരത്താനുള്ള ദൗത്യത്തിനിടെ വനം വകുപ്പ് ജീവനക്കാർക്ക് നേരെ ആന പാഞ്ഞടുത്തു. സംഭവത്തിൽ 8 ജീവനക്കാർക്ക് പരിക്കേറ്റു. പ്രദേശത്ത് പൈനാപ്പിൾകൃഷി വ്യാപകമായതോട ഒന്നരമാസമായി 15 ൽ അധികം ആനകളാണ് അച്ചൻകോവിൽ നദികടന്ന് ജനങ്ങൾക്ക് ജീവന് ഭീഷണിയുയർത്തുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......

(വോയിസ്)

&&&&&&&&&&&&&&&&&&

PNU TVPM

## കാട്ടുപന്നി ആക്രമണം

ഇടുക്കിയിൽ കാട്ടുപന്നി ആക്രമണത്തിൽ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീദേവി എസ് ലാലിന് പരിക്കേറ്റു. ഇരുചക്ര വാഹനത്തിന് കുറുകെ കാട്ടുപന്നി ചാടിയതിനെ തുടർന്നാണ് അപകടമുണ്ടായത്.

&&&&&&&&&&&&&&&&&&

## ഐ.ടി കമ്പനി (INTRO)

രാജ്യാന്തര ഐ.ടി കമ്പനിയായ സോഹോ കോർപ്പറേഷന്റെ ഇന്ത്യയിലെ രണ്ടാമത്തെ റസിഡൻഷ്യൽ ഐ.ടി ക്യാമ്പസ് കൊട്ടാരക്കര നെടുവത്തൂരിൽ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ...**

(വോയിസ്)

&&&&&&&&&&&&&&&&&&

## റേഷൻ വിതരണം

സംസ്ഥാനത്തെ ജൂൺ മാസത്തെ റേഷൻ വിതരണം നാളെ അവസാനിക്കും. ജൂലൈ മൂന്നിന് മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് അവധിയായിരിക്കും. നാലാം തീയതി മുതൽ ജൂലൈ മാസത്തെ റേഷൻ വിതരണം ആരംഭിക്കുമെന്നും അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## കെ റൈസിന്റെ അളവ് കൂട്ടി

സപ്ലൈകോ സബ്സിഡി ഇനത്തിൽ നൽകിവരുന്ന ശബരി കെ റൈസിന്റെ അളവ് കൂട്ടി. ജൂലൈ മുതൽ ഓരോ കാർഡ് ഉടമയ്ക്കും കെ റൈസ് എട്ടു കിലോ വീതം രണ്ട് തവണയായി ലഭിക്കും. കെ റൈസും പച്ചരിയും അടക്കം 10 കിലോയാണ് ഓരോ കാർഡ് ഉടമയ്ക്കും പ്രതിമാസം ലഭിക്കുക. കെ റൈസ് പരമാവധി 5 കിലോഗ്രാമും ബാക്കി പച്ചരിയുമാണ് മുൻപ് ഉൾപ്പെടുത്തിയിരുന്നത്. മട്ട, ജയ, കുറുവ ഇവയിൽ ഏതെങ്കിലും അരിയാണ് കെ-റൈസ് ആയി വിതരണം ചെയ്യുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&

## ഇന്ത്യ - ഇംഗ്ലണ്ട് ടെസ്റ്റ്

ഇന്ത്യ - ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന് നാളെ തുടക്കം. ഇംഗ്ലണ്ടിലെ ബർമിംഗ്ഹാമിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30നാണ് മത്സരം. ശുഭ്മാൻ ഗില്ലാണ് ഇന്ത്യൻ ടീമിനെ നയിക്കുക. 5 മത്സരങ്ങളടങ്ങിയ പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇംഗ്ലണ്ടിനായിരുന്നു ജയം. മൂന്നാം മത്സരം ജൂലൈ 10നാണ്.

&&&&&&&&&&&&&&&&&&

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 90 പോയിൻറ് ഉയർന്ന് 83,697 ലും നിഫ്റ്റി 24 പോയിന്റ് ഉയർന്ന് 25,541

ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ വർദ്ധന. പവന് 840 രൂപ ഉയർന്ന് 72,160 രൂപയും ഗ്രാമിന് 105 രൂപ ഉയർന്ന് 9,020 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് അടുത്ത 5 ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മറ്റെന്നാൾ വരെ മണിക്കൂറിൽ പരമാവധി 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് ശക്തമാകാനും സാധ്യതയുണ്ട്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM